(3) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ നൽകൽ.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ പെരിക്കല്ലൂർ, കൊളവള്ളി, മരക്കടവ്, താളൂർ തുടങ്ങിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണിതീർന്ന് വർഷങ്ങളായിട്ടും ഇനിയും ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയിട്ടില്ല. ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കാത്തതു കാരണം, ലക്ഷക്കണക്കിന് രൂപ ചെലവാക്കിയത് വെറുതെ കിടക്കുകയാണ്. ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാത്തതിന്റെ ഫലമായി തൊട്ടടുത്ത് ആയിരക്കണക്കിന് ഏക്കർ വയലുകൾ ഉണങ്ങിക്കിടക്കുകയാണ്. അടിയന്തിരമായി ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാൻ വേണ്ടിയുള്ള നടപടിയുണ്ടാകണം.

കഴിഞ്ഞദിവസം ഇക്കാര്യം ഇലക്ട്രിസിറ്റി വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അപ്പോൾ ജലസേചന വകുപ്പു മന്ത്രിയുടെ കോർട്ടിൽ പന്തു കൊടുത്തിരിക്കയാണെന്നു പറഞ്ഞു ഇനി അങ്ങാണ് തീരുമാനമെടുക്കേണ്ടതേ, കർഷകരുടെ വികാരമറിയാവുന്ന ഒരു മന്ത്രിയെന്നുള്ളനിലയിൽ ഉടനെ ഇലക്ട്രിസിറ്റി കണക്ഷൻ കൊടുക്കുവാനുള്ള ഏർപ്പാട് ബഹുമാനപ്പെട്ട ജലസേചന വകുപ്പ് മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഈ പന്ത് അടുത്ത ദിവസമാണ് എന്റെ കോർട്ടിലെത്തിയത്. ഈ സ്കീമുകളിൽ പലതും 1982-ലാണ് പൂർത്തിയായത്. ചിലത് അടുത്തകാലത്ത് പൂർത്തിയാക്കിയതാണ്. ഏതായാലും ഈ പന്ത് കോർട്ടിൽ വന്ന സ്ഥിതിക്ക് അതിന് അടിയന്തിരമായി ശ്രദ്ധപതിപ്പിക്കാം. എത്രയും വേഗം ഇലക്ട്രിസിറ്റി കണക്ഷൻ വാങ്ങുന്നതിനുള്ള നടപടികൾ ഗവൺമെന്റ് എടുക്കുന്നതാണ്.

(4) സ്ത്രീകളോടുള്ള അപമര്യാദയായ പെരുമാറ്റം.

ശ്രീ. കെ. ടി. കുഞ്ഞിരാമൻ : സർ, 'ഭാരത സ്ത്രീകൾ തൻ ഭാവശുദ്ധി'യെക്കുറിച്ച് അഭിമാനിച്ച നമ്മുടെ നാട്ടിനാകമാനം അപമാനകരമായ വിധത്തിൽ, വ്യാപകമായ രീതിയിൽ സ്ത്രീകളെ അപമാനിക്കുകയും ചെയ്യുന്ന പീഡനാനുഭവങ്ങളുടെ കഥകളാണ് ഈ സഭയ്ക്കകത്തും പുറത്തും പത്രങ്ങളിലും പത്രമാസികകളിലുമൊക്കെ വ്യാപകമായി പ്രതിപാദിച്ച് കാണുന്നത്. ഇതുപോലെ ചില സംഭവങ്ങൾകൊണ്ട് കൊയിലാണ്ടിയിലും പരിസരപ്രദേശങ്ങളിലുമുള്ള ഗ്രാമപ്രദേശങ്ങളിലെ പുരുഷകേസരികളായിട്ടുള്ള ആളുകൾ അവിടത്തെ തൊഴിൽരഹിതരായ ചില പാവപ്പെട്ട പെൺകുട്ടികളുടെനേരെ നടത്തിയ പീഡനാനുഭവങ്ങളെ സംബന്ധിച്ചും അതിന്റെ ഫലമായിട്ട് അവർ ആത്മഹത്യയ്ക്ക് ഇരയാകേണ്ടിവന്നതിനെ സംബന്ധിച്ചുമാണ് എനിക്ക് പറയാനുള്ളത്. ഈ സംഭവങ്ങളെല്ലാം അടങ്ങുന്ന ഒരു ഫീച്ചർ മാതൃഭൂമിയുടെ ഒരു പ്രധാന പ്രസിദ്ധീകരണമായ 'ഗൃഹലക്ഷ്മി' മാസികയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആ പ്രസിദ്ധീകരണത്തിന്റെ ഫീച്ചർ അച്ചടിച്ചുവന്ന 77,78 പേജുകൾ നീക്കംചെയ്തുകൊണ്ട് ആണ് പ്രസിദ്ധീകരിച്ചത്. ഇതുസംബന്ധിച്ച് ഇന്നത്തെ മാതൃഭൂമി പത്രത്തിൽ 'കുഞ്ഞമ്മാമൻ' പറയുന്നത്, രാഷ്ട്രീയ, സാമൂഹ്യ സേവനമാണ് ഞങ്ങളുടെ തൊഴിൽ, പക്ഷേ അത് രാത്രിയിലാണെന്നുമാത്രം എന്നാണ്. കുഞ്ഞമ്മാമനെക്കൊണ്ട് ഇത് പറയിച്ച്

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ പ്രമാണിമാർ, ഭരണ സ്വാധീനമുള്ള ചില ആളുകൾ ഈ പെൺകുട്ടികളെ വഴിയാധാരമാക്കാൻ, അവരെ ആത്മഹത്യയ്ക്ക് ഇരയാക്കാൻ, ഇടയായിട്ടുള്ള കാര്യങ്ങൾക്ക് ഉത്തരവാദികളാണ്. അവരുടെ പേരെടുത്തു പറയുന്ന പേജുകളാണ് പറിച്ചു നീക്കം ചെയ്തിട്ടുള്ളത്. ഇത്രയും അപമാനകരമായ രീതിയിൽ നമ്മുടെ രാജ്യത്തെ സ്ത്രീകളുടെ നേരേയുള്ള ഇത്തരം പീഡനങ്ങളെക്കുറിച്ച് തുറന്നുകാണിക്കുന്ന ഗൃഹലക്ഷ്മി മാസികയുടെ പേജുകൾ പോലും പറിച്ചുകളയാൻ ഉതകുന്നവിധത്തിൽ സ്വാധീനം ചെലുത്താൻ, മാതൃഭൂമിയെപ്പോലും സ്വാധീനിക്കാൻ പോലും കഴിവുള്ള ചില പ്രമാണിമാർ ഉണ്ട്. ആ പ്രമാണിമാർ ഈ പേജുകളെ നീക്കം ചെയ്തതിനെ സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 'ജനയുഗം' പത്രം പുറത്തു കൊണ്ടുവന്നു. ഇതിൽ വിറളിപിടിച്ച ആ രാഷ്ട്രീയ പ്രമാണിമാർ ഭരണ സ്വാധീനമുള്ളവരാണ്. അഞ്ചാം തീയതി കൊയിലാണ്ടിയിൽവെച്ച് ആ പ്രമാണിമാർ ജനയുഗം പത്രത്തെ പരസ്യമായി കത്തിച്ചുകളയുകയുണ്ടായി. കേരളത്തിലെ പത്രപ്രവർത്തക സംഘടന ഇതിനെ ആക്ഷേപിച്ചു പ്രസ്താവന ചെയ്തിട്ടുണ്ട്. നമ്മുടെ രാജ്യത്ത് സ്ത്രീകൾക്കുനേരെയുള്ള പീഡനങ്ങൾക്കെതിരായി ശബ്ദമുയർത്താൻ പോലും സമ്മതിക്കില്ല. എന്നുള്ള രൂപത്തിൽ ഈ അക്രമത്തെ കാണണം. അതുകൊണ്ട് ജനയുഗം പത്രം കത്തിച്ചിട്ടുള്ള ഈ സാമൂഹ്യവിരുദ്ധൻമാർക്കെതിരായിട്ട് ശക്തമായ നടപടിയെടുക്കണം. ഈ രാജ്യത്ത് സ്ത്രീകളുടെ ചാരിത്ര്യം രക്ഷിക്കുവാനുതകുന്ന രീതിയിൽ പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്ന കാര്യത്തിൽ പത്രങ്ങളെപ്പോലും സമ്മതിക്കില്ലെന്നുള്ളതാണ്. ഈ കയ്യേറ്റം അവസാനിപ്പിക്കാൻ പര്യാപ്തമായ രീതിയിൽ ഇതിനുത്തരവാദികളായ ബാലകൃഷ്ണൻ, രാജീവൻ തുടങ്ങിയ ആളുകളാണ് ഇത് ചെയ്തിട്ടുള്ളത്. അവർക്കെതിരായിട്ട് ശക്തമായ രീതിയിൽ നടപടി നടത്തി കേസ് ചാർജ്ജ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. കോൺഗ്രസുകാരായ ചില പ്രമാണിമാരാണിവർ ഇന്ദിരാകോൺഗ്രസിന്റെ ചില പ്രമാണിമാരാണ് M.L.A ശ്രീ കുട്ടാലിക്ക് പോലും അറിയാവുന്ന ആളുകളാണ് ബാലകൃഷ്ണനും, രാജീവനും. അവരാണ് ജനയുഗം പത്രം കത്തിച്ചുകളഞ്ഞത്. അവരുടെ പേരിൽ നിയമ നടപടികളെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കൊയിലാണ്ടിയിലെ സ്ത്രീകൾക്കെതിരായിട്ട് അപമാനകരമായ രീതിയിൽ ജനയുഗത്തിൽ റിപ്പോർട്ടുവന്നതിന്റെ പേരിൽ അഞ്ചാം തീയതി ഏതാനുംപേർ ചേർന്ന് ഈ പത്രത്തിന്റെ ഒരുഭാഗം കത്തിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് യാതൊരു പരാതിയും ഇതുവരെ കിട്ടിയിട്ടില്ല. അങ്ങനെ പരാതി കിട്ടിയാൽ നടപടി എടുക്കാമെന്നല്ലാതെ ഗവൺമെന്റിന് ഇക്കാര്യത്തിൽ യാതൊന്നും ചെയ്യാൻ അവകാശമില്ല.

(5) ചേലോറ പഞ്ചായത്തിൽ അറസ്റ്റുചെയ്ത ആളുകൾക്ക് നേരെ പോലീസ് സ്വീകരിച്ച നടപടി

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, കണ്ണൂർ ജില്ലയിൽ കണ്ണൂർ മുൻസിപ്പാലിറ്റിയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന ചേലോറ പഞ്ചായത്തിൽ അത് അവിടെ നിക്ഷേപിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജനങ്ങൾ പ്രക്ഷോഭങ്ങൾ നടത്തുന്നുണ്ട്. അങ്ങനെ പ്രക്ഷോഭങ്ങൾ നടത്താൻ അവരെ പ്രേരിപ്പിച്ചത്. കഴിഞ്ഞ ആറുമാസക്കാലമായി ജില്ല അധികൃതരും മുൻസിപ്പൽ അധികൃതരും നൽകിയ ഉറപ്പ് ലംഘിച്ചതുകൊണ്ടാണ്. കുറെ നാളായി അവർ സമരത്തിലാണ്. പക്ഷെ കഴിഞ്ഞ 6-ാം തീയതി മാലിന്യങ്ങൾ നിറച്ച ലോറി തടഞ്ഞ സമരക്കാരോട് പോലീസ് സ്വീകരിച്ച നടപടി

LIBRARY ARCHIVES Kerala Legislative Assembly